ശ്രീ. പി.ജെ. ജോസഫ് : സർ, ഞാൻ അത് തന്നെയാണ് പറഞ്ഞത്. പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 2810 കി.മീറ്റർ റോഡ് ഏറിയഭാഗം വാഹനങ്ങളും ആ റോഡിൽക്കൂടെയാണ് ഓടുന്നത്. ആദ്യപടിയായി മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നമ്മൾ തയ്യാറാക്കിക്കഴിഞ്ഞു. അതിനുള്ള പ്രോജക്ട് നമ്മൾ ലോകബാങ്കിന് നൽകി. അതിന്റെ ആദ്യപടിയായി 28 കോടി രൂപ നൽകി. അതുപോലെ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഫണ്ട് സ്വരൂപിച്ചുകൊണ്ട് പ്രധാനപ്പെട്ട റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുകഴിഞ്ഞു.

## (2) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതി നയംമൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, കേന്ദ്രം ഭരിച്ച ഗവൺമെന്റുകളുടെ തെറ്റായ സാമ്പത്തിക നയങ്ങൾ കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ല് തകർത്തിരിക്കുകയാണ്. പുതിയ സാമ്പത്തിക നയവും ഗാട്ട്കരാറും നമ്മുടെ കാർഷികമേഖലയെ എങ്ങനെയാണ് പ്രതികൂലമായി ബാധിക്കുകയെന്നുള്ളത് രാജ്യത്തേയും പ്രത്യേകിച്ച് കേരളത്തിലേയും ഉത്തരവാദിത്വമുള്ള ഇടതുപക്ഷ ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ കോൺഗ്രസ് നേതാക്കൾ പറഞ്ഞത് ഗാട്ട് കരാറും പുതിയ സാമ്പത്തികനയവും കേരളത്തിന് കൂടുതൽ സാമ്പത്തിക വരുമാനമുണ്ടാക്കുമെന്നാണ്. കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾ കയറ്റി അയച്ച് കൂടുതൽ വരുമാനമുണ്ടാക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്നാണ് അന്ന് ന്യായീകരിച്ചത്. ആഗോളവൽക്കരണവും ഇറക്കുമതി കയറ്റുമതി രംഗങ്ങൾ ഉദാരവൽക്കൃതമാക്കിയതും ഇൻഡ്യൻ കാർഷിക സമ്പദ്ഘടന ബഹുരാഷ്ട്രാ മൂലധനത്തിന് അടിയറവു പറഞ്ഞതും ദേശീയ പ്രധാനമായ കാർഷിക ചരക്കുകളുടെ ഉൽപ്പാദകർ എന്ന കേരളത്തിന്റെ നില നഷ്ടപ്പെടുത്തി കോൺഗ്രസിന്റെ പിന്തുണയോടുകൂടി പാസ്സാക്കിയ പേറ്റന്റ് ഭേദഗതി നിയമമുൾപ്പെടെ നമ്മുടെ കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കോൺഗ്രസ് തുടങ്ങിവച്ച നയങ്ങളുടെ ഗതിവേഗംകൂട്ടിയ ബി.ജെ.പി. 2003-ാം ആണ്ടിൽ ഒപ്പിടേണ്ട കരാറുകൾ 1999-ൽതന്നെ ഒപ്പിട്ടുകഴിഞ്ഞിരിക്കുന്നു. ഇനി 667 ഉൽപ്പന്നങ്ങൾക്കു മാത്രമാണ് ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാൻ ഓപ്പൺ ജനറൽ ലൈസൻസ് കൊടുക്കാൻ ബാക്കിയുള്ളത്. ബാക്കി എല്ലാ ഉൽപ്പന്നങ്ങൾക്കും ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാനുള്ള ലൈസൻസ് കൊടുത്തുകഴിഞ്ഞു. റബ്ബറിന്റെ വിലയെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നിരവധി സന്ദർഭങ്ങളിൽ ഈ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ഇപ്പോൾ ഏതാണ്ട് 31.25 രൂപയാണ് റബ്ബറിന് വില. 90 ശതമാനത്തിലധികം ചെറുകിട കൃഷിക്കാരടക്കം ഒൻപതര ലക്ഷം വരുന്ന കേരളത്തിലെ കർഷക കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗമാണ് റബ്ബറിന്റെ വിലയിടിവുമൂലം തകർന്നത്. ഈ സംസ്ഥാനമൊന്നാകെ അതിനെതിരായി പ്രതിഷേധിച്ചതാണ്. ലോക വ്യാപാര സംഘടനയുടെ വ്യവസ്ഥകൾ കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയതോടുകൂടി പുതിയ ടയറും പഴയ ടയറും പോളിയൂറിത്തീനും സ്വാഭാവിക റബ്ബറും എന്തിന് ഹവായ് ചെരുപ്പ് വരെ ഇറക്കുമതി ചെയ്യാനുള്ള തീരുമാനമെടുത്തതിന്റെ ഭാഗമായിട്ടാണ് റബ്ബറിന് വിലത്തകർച്ചയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് എടുത്ത ചില നടപടികളുടെ ഭാഗമായിട്ടാണ് ഈ വിലയിലെങ്കിലും ഇപ്പോൾ നിൽക്കുന്നത്. ഇത് കൃഷിക്കാരെ സംബന്ധിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

മതിയായ വിലയല്ലെന്ന് എല്ലാവർക്കുമറിയാം. റബ്ബർ കൃഷിയെ ലാഭകരമാക്കി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കേരളത്തിന്റെ കാർഷിക സമ്പദ്ഘടന തകരുമെന്നുള്ളത് അഭിപ്രായവ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നതാണ്. അതുപോലെതന്നെ സ്വാഭാവിക റബ്ബറിന്റെ അളവ് കുറച്ച് രാസപദാർത്ഥങ്ങളുടെ അളവ് കൂട്ടി ടയർ നിർമ്മിക്കുന്ന പുതിയ സാങ്കേതികവിദ്യയും നമ്മുടെ രാജ്യത്തിലേക്ക് കടന്നുവന്നിരിക്കുന്നു. 78 ശതമാനം രാസപദാർത്ഥങ്ങളും 22 ശതമാനം സ്വാഭാവിക റബ്ബറും ചേർത്താൽ ടയറുണ്ടാക്കാൻ കഴിയുമെന്ന പുതിയ സാങ്കേതികവിദ്യകൂടി കടന്നുവന്നാൽ റബ്ബറിന്റെ സ്ഥിതിയെന്താകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതുപോലെതന്നെയാണ് കുരുമുളകിന്റെ കാര്യം. ഇൻഡ്യയിലാകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏതാണ്ട് 75,000 ടൺ കുരുമുളകിൽ 55,520 ടണ്ണും കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത്. 1997-98-ൽ 35,700 ടൺ നമുക്ക് കയറ്റി അയയ്ക്കാൻ കഴിഞ്ഞെങ്കിൽ കരാറുണ്ടായതിനുശേഷം കയറ്റുമതിയിൽ കുറവുവന്നുകൊണ്ടിരിക്കുകയാണ്. ന്യായമായ വില ഉറപ്പുവരുത്താൻ കഴിയാത്തതും ദ്രുതവാട്ടംപോലുള്ള രോഗവും കുരുമുളക് കൃഷിയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഇത് കേരളത്തെസംബന്ധിച്ച് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുമെന്ന് എല്ലാവർക്കുമറിയാം. 1996-97-ൽ 56,550 ടൺ ഉൽപ്പാദിപ്പിച്ച കേരളത്തിൽ ഇപ്പോൾ ഉൽപ്പാദനം 55,520 ടൺ ആയി കുറഞ്ഞു. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൂടുന്നു. പക്ഷേ രോഗം, കൃഷിക്കാർക്ക് വളം പ്രയോഗിക്കുന്നതിനും മറ്റും ആവശ്യമായ സാമ്പത്തികസ്ഥിതിയില്ലായ്മ ഇതെല്ലാമാണ് ഉൽപ്പാദനത്തിൽ കുറവു വരാനിടയാക്കിയത്. 1993-94-ൽ 168 കോടി രൂപയുടെ കുരുമുളക് കയറ്റി അയച്ചപ്പോൾ 1997-98-ൽ 163 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നത്. കയറ്റുമതി കുറഞ്ഞുവരുകയാണ്. ഇത് കൂടുതൽ കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് എത്തിക്കും. കയറ്റിറക്കുമതി ഉദാരവൽക്കരണ നയം പ്രഖ്യാപിച്ച് 2 ആഴ്ചകൊണ്ടുതന്നെ കുരുമുളകിന്റെ വിലയിൽ കിന്റലിന് 1100 രൂപ കുറവുണ്ടാവുകയുണ്ടായി.

ഏതാണ്ട് 30 ലക്ഷത്തോളം കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് നാളികേരത്തിന്റെ വിലയിടിവ് ഇൻഡ്യയിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 41 ശതമാനവും കേരളത്തിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിലെ കാർഷികവില വിലനിർണ്ണയ കമ്മിഷന്റെ അഭിപ്രായമനുസരിച്ച് ഏതാണ്ട് 5.4 രൂപ ഒരു നാളികേരത്തിന്റെ ഉൽപ്പാദനത്തിന് ചെലവ് വരുമ്പോൾ 2.90 രൂപയാണ് വിലയായി കർഷകനു ലഭിച്ചുകൊണ്ടിരിക്കുന്നത്. ഭൂവിസ്തൃതി വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും ഈ മേഖലയിൽ കുറഞ്ഞുവരുകയാണ്. അതിന് കാരണം തെങ്ങുകൃഷിയെ വേണ്ടത്ര ശ്രദ്ധിക്കാൻ കർഷകർക്ക് താൽപ്പര്യം കുറഞ്ഞുവരുന്നു എന്നുള്ളതാണ്. രാസവളപ്രയോഗത്തിന്റെ കുറവ്, അതുപോലെതന്നെ ഉൽപ്പാദനച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് ഇതെല്ലാംകൊണ്ട് തെങ്ങുകൃഷിയിൽനിന്നും കർഷകർ മാറിക്കൊണ്ടിരിക്കുകയാണ്. ഈ വിലത്തകർച്ചയിൽനിന്നും നാളികേര കർഷകരെ രക്ഷിക്കാനുള്ള സമീപനമല്ല കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്. അടുത്തകാലത്തുണ്ടാക്കിയ കരാർ അനുസരിച്ച് വെളിച്ചെണ്ണയും പാമോയിലും ഇറക്കുമതി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ഇപ്പോഴും നാളികേരത്തിന് വിലയിടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധിയിൽ നിന്നും നാളികേര കർഷകരെ രക്ഷിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുന്ന താങ്ങുവില വളരെ അപര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിലാകെ കൃഷിചെയ്യുന്ന ഏലത്തിന്റെ 50 ശതമാനവും കൃഷി ചെയ്യുന്നത് കേരളത്തിലാണ്. അഖിലേന്ത്യാ ശരാശരി ഒരു ഹെക്ടർ സ്ഥലത്ത് 84 കി.ഗ്രാം ഏലം ഉൽപ്പാദിപ്പിക്കുമ്പോൾ നമ്മൾ ഉൽപ്പാദിപ്പിക്കുന്നത് 120 കി. ഗ്രാമാണ്. 1993-94-ൽ ഏലം കയറ്റുമതിയിൽ 10.1 കോടി രൂപ നമുക്ക് ലഭിച്ച പ്പോൾ 1996-97-ൽ അത് 5.4 കോടി രൂപയായി കുറഞ്ഞു. കയറ്റുമതിയിൽ നിന്നുള്ള വരുമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുപോലെ ഗ്വാട്ടിമാല യിൽ നിന്നുമുള്ള ഏലത്തിന്റെ വരവും, കൽക്കട്ട തുറമുഖത്തുനിന്നും ഭോപ്പാ ലിലേയ്ക്ക് കൊണ്ടുപോകാൻ കൊണ്ടുവന്ന ഏലം കള്ളക്കടത്തായി ഇൻഡ്യൻ വിപണിയിൽ കടന്നുവന്നതും ഇപ്പോൾ നേരെ ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരാനുള്ള അനുമതി നൽകിയതിന്റേയും ഫലമായി ഏലം കർഷകർ വീണ്ടും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ കരാറിന്റെ ഭാഗമാ യിട്ട് ജാതിക്കായുടെ വില 130 രൂപയുണ്ടായിരുന്നത് ഇപ്പോൾ 70 രൂപയായിട്ട് കുറഞ്ഞു. കാപ്പി 1995-96-ൽ 908.12 കോടി രൂപയുടെ കയറ്റുമതി നടത്താൻ സാധിച്ചിരുന്നത് 1997-98 ആയപ്പോൾ 690.7 കോടി രൂപയ്ക്കാണ് കയറ്റി അയ ക്കാൻ സാധിച്ചത്. ഇങ്ങനെ നമ്മുടെ നാണ്യവിളകളെ പ്രതികൂലമായി ബാധി ച്ചിരിക്കുന്ന ഈ കയറ്റിറക്കുമതിനയത്തിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. കോൺഗ്രസ് കേന്ദ്രം ഭരിച്ചപ്പോൾ എടുത്ത തീരുമാനങ്ങളാണ് ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ ബി.ജെ.പി. ഗവൺമെന്റിന്റെ നയങ്ങളെ പൂർണ്ണമായി അനുകൂലിക്കുന്ന നിലപാടാണ് കോൺഗ്രസ് പിന്നീട് തുടർന്നു വന്നത്. അതിന്റെ ഫലമായിട്ടാണ് ഈ കയറ്റിറക്കുമതി നയം വളരെ വേഗതയിൽ നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റിന് സാധിച്ചത്. ഇതിനെതിരായി ശക്തമായ പ്രതിഷേധമാണ് കേരളത്തിലെ ജനങ്ങൾ ഉയർത്തിക്കൊണ്ടു വന്നിട്ടുള്ളത്. ഇത് പരിഹരിക്കാൻ ആവശ്യമായ ഇച്ഛാശക്തിയുള്ള ഒരു സംവി ധാനം കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കുവെന്നാണ് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷി ക്കുന്നത്. അതോടൊപ്പം തന്നെ കേരളത്തിൽ ഇടതുപക്ഷജനാധിപത്യമു ന്നണി ഗവൺമെന്റ് കാർഷികമേഖലയിലെ തകർച്ച പരിഹരിക്കാൻ വേണ്ട നിരവധി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ തീരുമാനങ്ങൾകൊണ്ടു മാത്ര മാണ് അൽപ്പമെങ്കിലും ആശ്വാസം കേരളത്തിലെ കർഷകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഈ ആശ്വാസ നടപടികൾ തുടരുകയും കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾ തിരുത്തി കർഷകരെ രക്ഷിക്കാൻ ആവശ്യ മായ ഇടപെടൽ കേരളാഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയും ചെയ്യ ണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. സി.കെ. രാജേന്ദ്രൻ കേന്ദ്രഗ വൺമെന്റിന്റെ ഉദാരവൽക്കരണ സമീപനത്തിന്റെ ഫലമായിട്ട് കേരളത്തിലെ കാർഷികമേഖല നേരിടുന്ന ആപൽക്കരമായ സ്ഥിതിവിശേഷങ്ങളാണ് ഇവിടെ വർച്ചുകാണിച്ചത്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച കയറ്റിറക്കുമതി നയം ഗാട്ട് കരാർ വ്യവസ്ഥയിലെ ഉദാരവൽക്കരണത്തിന്റെ ഭാഗമാണ്. ഈ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായിട്ട് പ്രഖ്യാപിച്ചിട്ടുള്ള കയറ്റിറക്കുമതി നയം കേരളത്തിലെ കാർഷികമേഖലയെ കുറഞ്ഞത് രണ്ട് രീതിയിലെങ്കിലും പ്രതികൂലമായി ബാധിക്കുന്നതാണ്. ഒന്ന്. കാർഷിക ഉൽപ്പന്നങ്ങൾക്കും അവ യുടെ സംസ്ക്കരണ വിഭാഗങ്ങൾക്കും നേരിടേണ്ടി വരുന്ന മത്സരം. രണ്ടാമത് വിലയിലുണ്ടാകുന്ന അസ്ഥിരത. ഇത് രണ്ടുമാണ് പ്രധാനമായിട്ടും കേരള ത്തിന്റെ കാർഷിക മേഖലയിലെ കർഷകർ ഇന്ന് അഭിമുഖീകരിക്കുന്നത് കേര

LIBRARY ARCHIVES Kerala Legislative Assembly

ളത്തിലെ കാർഷികവിളകൾ പ്രധാനമായും നാണ്യവിളകളിൽ അധിഷ്ഠിത മാണ്. അതിന്റെ ഭാവി പ്രധാനമായിട്ടും അന്താരാഷ്ട്ര തലത്തിലുള്ള കച്ചവട സാദ്ധ്യതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാകാലങ്ങളായി നമ്മുടെ കാർഷിക വിളകളായിട്ടുള്ള റബ്ബർ വെളിച്ചെണ്ണ, കുരുമുളക്, എലം, തേയില, കാപ്പി തുടങ്ങിയവ വിപണനം നടത്തുന്നതിനാവശ്യമായിട്ടുള്ള സംരക്ഷണമു ണ്ടായിരുന്നു. എന്നാൽ 1991-ലെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഭാഗ മായി നികുതികൾ കുറയ്ക്കേണ്ടി വന്നു. ആ നികുതികൾ കുറയ്ക്കേണ്ടി വന്ന തിന്റെ ഫലമായിട്ട് കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലുണ്ടായിരുന്ന പ്രത്യേക സംരക്ഷണം നഷ്ടപ്പെട്ടുപോയി. ആ നഷ്ടപ്പെടലാണ് ഇന്ന് നമ്മുടെ കാർഷികമേഖല നേരിടുന്ന പ്രധാനപ്പെട്ട ഭീഷണിക്കു കാരണം. നാളികേരത്തിന്റെ സ്ഥിതി നോക്കിയാൽ അയൽസം സ്ഥാനങ്ങളിൽ നാളികേര കൃഷി വ്യാപിച്ചുവരികയാണ്. പല കാരണങ്ങളാൽ സംസ്ഥാനത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നു. അതേസമയം നാളികേര ഉൽപ്പാദനരംഗത്ത്, ഫിലിപ്പൈൻസ്, ശ്രീലങ്ക, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിച്ചു വരു ന്നു. അന്താരാഷ്ട്ര കമ്പോളത്തിൽ അവർ ആധിപത്യം ഉയർത്തുകയും ചെയ്തു ന്നു. അതിന്റെയെല്ലാം ഫലമായിട്ട് അന്താരാഷ്ട്ര മാർക്കറ്റിൽ വെളിച്ചെണ്ണയ്ക്ക് വില കുറഞ്ഞു. അതിന്റെ ഫലമായിട്ടുണ്ടാകുന്ന ഭീഷണി നമ്മൾ നേരിട്ടുവരു ന്നുണ്ട്. സസ്യഎണ്ണയുടെയും പാമോയിലിന്റെയും ഇറക്കുമതി ചുങ്കം കുറ യ്ക്കുകയും ഇറക്കുമതി കൂടുതൽ വിപുലപ്പെടുത്താനുള്ള അവസരങ്ങൾ പ്രധാനം ചെയ്യുകയും ചെയ്തതിന്റെ ഫലമായിട്ട് മറ്റൊരു ഭീഷണിയെ നമ്മുടെ നാളികേര കർഷകരും നാളികേര സമ്പദ്ഘടനയും ഇന്ന് അഭിമുഖീ കരിക്കുകയാണ്. കേരളത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വിളയാണ് റബ്ബർ. റബ്ബ റിനെ കുറിച്ച് കൂടുതൽ പറയേണ്ട ആവശ്യമില്ല. പലതവണ ഞാൻ വിവരിച്ച താണ്. എന്നാൽ ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് റബ്കോയുമായി ബന്ധ പ്പെട്ട് എടുത്തിട്ടുള്ള താൽപ്പര്യപൂർവ്വമായ സമീപനത്തിന്റെ ഫലമായിട്ട് ചെറിയ തോതിൽ റബ്ബറിന്റെ വില ഉയരാൻ തുടങ്ങിയിട്ടുണ്ട്. എത്രകാലം ഇത് നിലനിർത്താൻ കഴിയുമെന്ന് പറയാൻ കഴിയില്ല. മാത്രമല്ല റബ്ബറിന്റെ പ്രധാന ഉൽപ്പന്ന രാഷ്ട്രങ്ങളിലെ വിലയും നമ്മുടെ രാജ്യത്തെ വിലയും തമ്മിൽ സാര മായ വ്യത്യാസമുണ്ട്. ഈ സംസ്ഥാനത്തുള്ളതിനേക്കാൾ കുറവാണ് അന്താ രാഷ്ട്ര മാർക്കറ്റിൽ ഇന്ന് റബ്ബറിന് വില. ഇറക്കുമതി താൽക്കാലികമായി കേന്ദ്രഗവൺമെന്റ് നിർത്തിവച്ചിട്ടുണ്ട്. നമ്മുടെയെല്ലാം സമ്മർദ്ദത്തിന്റെ ഫലമാ യിട്ടാണിത്. എന്നാൽ ലാറ്റക്സിന്റെ ഉൽപ്പാദനമേഖലയിലെ ഭീഷണി ഇപ്പോഴും തുടരുകയാണ്. പോളിയുറത്തീൻ എന്നു പറയുന്ന അസംസ്കൃത സാധനം ഇറക്കുമതി ചെയ്യാനാവശ്യമായിട്ടുള്ള സംവിധാനങ്ങൾ കൊണ്ടു വരുന്നു. അതിന്റെ ഫലമായിട്ട് ലാറ്റക്സ് അതുപോലെ റബ്ബറുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ വ്യവസായ യൂണിറ്റുകൾ ഇവയൊക്കെ കനത്ത ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെത ന്നെയാണ് തേയില, കാപ്പി തുടങ്ങിയ ഉൽപ്പന്നങ്ങളുടെ കാര്യവും. ഈ മേഖല യിലെ കൃഷിക്കാരും ഉദാരവൽക്കരണത്തിന്റെ ഫലമായിട്ട് ഇന്ന് കടുത്ത ഭീഷണി നേരിടുകയാണ്. ഈ മേഖലകളിലും ശ്രീലങ്കയുമായിട്ട് നമുക്ക് മത്സ രിക്കേണ്ടിവരുകയാണ് അന്തർദേശീയ മാർക്കറ്റിൽ. നമ്മളെക്കാൾ ഉയർന്ന ഉൽപ്പാദനക്ഷമതയാണ് ശ്രീലങ്കയിലുള്ളത്. ഇവിടെ തേയിലയുടെ ഉൽപ്പാദന ക്ഷമത കുറഞ്ഞുവരുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ നമുക്ക് മത്സരിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം തേയിലയുടെ കാര്യത്തിൽപ്പോലും ഉണ്ടായി



LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്നു കുരുമുളക്, ചുക്ക്, ഏലം, മഞ്ഞൾ തുടങ്ങിയിട്ടുള്ള സുഗന്ധവിളകളുടെ കുത്തക നമുക്കായിരുന്നു. ആ കുത്തകയും നമുക്കിപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

സർ, മറ്റു പല രാജ്യങ്ങളും സാർവ്വദേശീയ മാർക്കറ്റിൽ മത്സരിക്കാൻ തയ്യാറായതോടുകൂടി നമ്മുടെ കുത്തകയും ആ രംഗത്ത് കുറഞ്ഞുവരികയാണ്. അവിടെയും പ്രതിസന്ധികളുണ്ടാകുന്നു. ഏലത്തെക്കുറിച്ച് ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞതാണ്. ഗ്വാട്ടിമാലയിലെ ഏലം നേപ്പാളിലേക്ക് കൊണ്ടുപോകാൻ എന്നുള്ള പേരിൽ കൽക്കട്ട തുറമുഖത്തു വന്ന നിലവാരം കുറഞ്ഞ ഏലം കേരളത്തിൽ, മൂന്നാറിൽപോലും എത്തുന്നു. ഇതിന്റെ ഫലമായി സാർവ്വദേശിയ മാർക്കറ്റിൽ കേരളത്തിന്റെ ഏലത്തിനുണ്ടായിരുന്ന ആധിപത്യം കുറയാൻ തുടങ്ങി. അവിടെയും പുതിയ പ്രതിസന്ധികളുണ്ടായിരിക്കുന്നു. സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഫലമായിട്ട് ഉണ്ടായതാണ്. കേരളത്തിന്റെ കാർഷികമേഖല നേരിടുന്ന ഈ ഭീഷണി. ഇതിനെ അതിജീവിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ, അതാതു സന്ദർഭത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും സമ്മർദ്ദം ചെലുത്താനും ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിലാണെങ്കിൽ ഇവിടെ തന്നെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ മുമ്പത്തെക്കാളേറെ ഗവൺമെന്റ് താൽപ്പര്യപൂർവ്വം മുന്നോട്ടു വരുന്നുണ്ട്. ഉദാരവൽക്കരണത്തിന്റെ ഫലമായുണ്ടായ ഭീഷണിയിൽ നിന്ന് കേരളത്തിന്റെ കാർഷികമേഖലയെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് കാർഷിക ശാസ്ത്രജ്ഞന്മാരും സാമ്പത്തിക വിദഗ്ദ്ധന്മാരും കൂടി ഒരു ദേശീയ സെമിനാർ 1999 ജൂൺ മാസം 4-ാം തീയതി തിരുവനന്തപുരത്തു വച്ച് ചേരുകയുണ്ടായി. ആ സെമിനാറിൽ ഇതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ചർച്ചചെയ്തിരുന്നു. അവിടെ വച്ച് ഒരു വിദഗ്ദ്ധകമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ആ കമ്മിറ്റി കൃഷി എങ്ങനെയാണ് വിപുലപ്പെടുത്തേണ്ടത്, എങ്ങനെ സംരക്ഷിക്കപ്പെടണം, നമ്മുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് എങ്ങനെയാണ്, നികുതി അടക്കമുള്ള ചില സംവിധാനങ്ങൾ ഒഴിവാക്കിക്കൊണ്ടു കയറ്റുമതി എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും, കാർഷികോൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങൾ എങ്ങനെ നടത്താൻ കഴിയും എന്നീ കാര്യങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും അതിനനുസൃതമായി നമ്മുടെ കാർഷികമേഖലയെ പുനഃസംവിധാനം ചെയ്യുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുമാണ് അങ്ങനെയൊരു വിദഗ്ദ്ധകമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള രീതിയിലുള്ള ഒരു പുനഃസംഘടനയ്ക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കുമെന്നാണ് ഇതിനെ സംബന്ധിച്ച് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly